LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി

72 (1798) ശ്രീ. സി. ആർ. മഹേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡിന്റെ പശ്ചാത്തലത്തിൽ വിദ്യാഭ്യാസ വായ്പയെടുത്ത് തിരിച്ചടവ് മുടങ്ങിയവർക്കായി, സംസ്ഥാന സർക്കാർ വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി പുനരാരംഭിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

വിദ്യാഭ്യാസ വായ്പയെടുത്തശേഷം തിരിച്ചടവിന് കഴിയാതിരുന്ന തൊഴിൽരഹിതരെ സഹായിക്കുന്നതിനായി 16-5-2017-ലെ സ.ഉ. (പി) നമ്പർ 65/2017 പ്രകാരം സർക്കാർ ആവിഷ്കരിച്ച വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ കീഴിൽ നിലവിൽ ആനുകൂല്യം നൽകി വരികയാണ്. പദ്ധതിയുടെ കീഴിൽ ഇതുവരെ 207.29 കോടി രൂപ യോഗ്യരായ ഗുണഭോക്താക്കളുടെ ലോൺ അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പുനരാരംഭിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

സംസ്ഥാനത്തിന്റെ തനത് വരുമാനം

73 (1799) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 മുതൽ 2020-21 വരെയുള്ള സംസ്ഥാന ബഡ്ജറ്റുകളിൽ സംസ്ഥാനത്തിന്റെ തനത് വരുമാനമായി പ്രതീക്ഷിച്ചിരുന്ന തുകയും പിരിച്ചെടുത്ത തുകയും സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ?

സംസ്ഥാനത്തിന്റെ തനത് വരുമാനം

(തുക കോടിയിൽ)

	പ്രതീക്ഷിത റവന്യു വരുമാനം			ലഭിച്ച റവന്യു വരുമാനം		
സാമ്പത്തിക വർഷം	സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം	സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം	ആകെ	സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം	സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം	ആകെ
2016-17	47613.61	11359.52	58973.13	42176.38	9699.98	51876.36
2017-18	53411.49	12037.79	65449.28	46459.61	11199.61	57659.22
2018-19	58588.44	14271.14	72859.58	50644.1	11783.24	62427.34
2019-20	65784.6	15070.07	80854.67	50323.14	12265.22	62588.36
2020-21*	67420.01	14587.00	82007.01	47671.99	6420.02	54092.01

* അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം